# ഹിന്ദുക്കൾക്കിടയിൽ ഐക്യം കൈവരിക്കാൻ
# മന്നത്തുപത്മനാഭന്റെ ശ്രമങ്ങൾ

ശ്രീമന്നത്തുപത്മനാഭൻ കേരളസമൂഹത്തിനു നൽകിയ സംഭാവനകൾ നായർസമുദായത്തിലെ നവീകരണപ്രവർത്തനങ്ങളിൽമാത്രം ഒതുങ്ങുന്നില്ല, മറിച്ച് അത് കേരളസമൂഹത്തിന്റെ സാമൂഹിക - രാഷ്ട്രീയഅതിർവരമ്പുകളെ മറികടക്കുന്നു. ഹിന്ദുസമൂഹത്തിലെ അധഃസ്ഥിതവിഭാഗങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്നതിൽ പ്രധാന പങ്കുവഹിച്ച അദ്ദേഹം അവരെ നവീകരിക്കുന്നതിനുള്ള സമരങ്ങളിൽ പങ്കെടുത്തു.

ഉറച്ച ഇച്ഛാശക്തിയും അജയ്യമായ സ്വഭാവവുമുള്ള വ്യക്തി, വിദേശ നുകത്തിൽനിന്ന് മാതൃഭൂമിയുടെ മോചനത്തിനായുള്ള ദേശീയപ്രസ്ഥാനത്തിലും തുടർന്ന് കേരളത്തെ സംബന്ധിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും അദ്ദേഹം പങ്കാളിയായിരുന്നു. അദ്ദേഹം ഒരു ബഹുമുഖപ്രതിഭയായിരുന്നു; പ്രഗത്ഭനായ ഒരു സാമൂഹികപരിഷ്കർത്താവ്, അജയ്യനായ സംഘാടകൻ, പ്രായോഗികരാഷ്ട്രീയക്കാരൻ, പ്രതിഭാധനനായ പ്രാസംഗികൻ, ശക്തമായ അക്ഷരങ്ങളുടെ ഉടമ, ആകർഷകമായ വ്യക്തിത്വം.

1914-ൽ നായർ സർവീസ് സൊസൈറ്റി സ്ഥാപിതമായതോടെ, വിദ്യാഭ്യാസം, ആത്മവിശ്വാസം, അധ്വാനശീലം എന്ന മഹത്തായ ആശയം എന്നിവ കൊണ്ട് അദ്ദേഹം നായർസമുദായത്തെ വിജയകരമായി പുനരുജ്ജീവിപ്പിച്ചു. നായർസമുദായത്തിന്റെ മുന്നണിപ്പോരാളിയും പരിഷ്കാരങ്ങളുടെ ചാമ്പ്യനുമായി. സാമൂഹികപരിഷ്കരണങ്ങൾക്കായി, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു പദ്ധതി ആവിഷ്കരിച്ച മന്നത്തുപത്മനാഭൻ സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയാണ് ലക്ഷ്യമിട്ടത്. ഹിന്ദുസമൂഹത്തിലെ അധഃസ്ഥിതവിഭാഗങ്ങളുടെ അവകാശങ്ങൾക്കായുള്ള പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ അദ്ദേഹം പ്രധാനപങ്കു വഹിച്ചു. ഹിന്ദുസമൂഹത്തിലെ അധഃസ്ഥിതവിഭാഗങ്ങളുടെ അവകാശങ്ങൾക്കായുള്ള പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു.

പ്രൊഫ. ഡോ. സുജാത രചിച്ച് നായർ സർവീസ് സൊസൈറ്റി പ്രസിദ്ധീകരിച്ച ശ്രീ മന്നത്തുപത്മനാഭൻ: ലിവിംഗ് ബിയോണ്ട് ദ ഏജസ് എന്ന പുസ്തകം ശ്രീ മന്നത്തുപത്മനാഭന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ബഹുമുഖവശങ്ങളെക്കുറിച്ചുള്ള ശ്രീ മന്നത്തുപത്മനാഭന്റെ പ്രസംഗങ്ങളുടെയും പ്രസ്താവനകളുടെയും ഗവേഷണലേഖനങ്ങളുടെയും ഒരു സമാഹാരമാണ്, ആധുനികകേരളത്തിന്റെ സ്രഷ്ടാവിന്റെ, യുഗങ്ങൾക്കപ്പുറമുള്ള ജീവിതം ഗ്രഹിക്കാൻ അത്യധികം താല്പര്യമുള്ള ഗവേഷകരുടെയും സാധാരണക്കാരുടെയും മനസ്സിനെ ഇത് പോഷിപ്പിക്കുമെന്നതിൽ സംശയമില്ല. ഈ പുസ്തകം 2024 ജനുവരി 2-ന് മന്നംജയന്തിദിനത്തിൽ പ്രസിദ്ധീകരിച്ചു. വായനക്കാർ ഈ പുസ്തകത്തിന് നൽകിയ സ്വീകാര്യതയാണ് മൂന്നാഴ്ചയ്ക്കുള്ളിൽ പുസ്തകത്തിന്റെ മൂന്നാംപതിപ്പ് പ്രസിദ്ധീകരിക്കാൻ കാരണമായത്.

പ്രൊഫ. ഡോ. സുജാത രചിച്ച് നായർ സർവീസ് സൊസൈറ്റി പ്രസിദ്ധീകരിക്കാൻ പോകുന്ന മന്നത്തുപത്മനാഭൻ: വിഷൻ ഓഫ് ഹിന്ദുയിസം എന്ന പുസ്തകം അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെയും പ്രസ്താവനകളുടെയും ലേഖനങ്ങളുടെയും സംഗ്രഹമാണ്. അത് ഹിന്ദുക്കൾക്കിടയിൽ ഐക്യം കൈവരിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെ ചിത്രീകരിക്കുന്നു. കേരളസാമൂഹികചരിത്രത്തിലെയും ദേശീയചരിത്രത്തിലെയും നവോത്ഥാന നായകനായ ശ്രീ മന്നത്തുപത്മനാഭന്റെ ആദർശങ്ങളെക്കുറിച്ച് അറിയാൻ ഉത്സുകരായ എല്ലാ സമുദായങ്ങളിലെയും യുവതലമുറയെ ഈ പുസ്തകം ബോധവത്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രശസ്ത സാഹിത്യകാരനും ഗ്രന്ഥകാരനും ആയ സി.രാധാകൃഷ്ണൻ ഈ മാസം 29-ന് പെരുന്ന എൻ.എസ്.എസ്.ഹിന്ദു കോളേജ് ഓഡിറ്റോറിയത്തിൽവച്ച് പ്രസ്തുത പുസ്തകം പ്രകാശനം ചെയ്യുന്നതാണ്.